ഭരണഭാഷ - മാതൃഭാഷ


തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471-2324951
0471-2325071
Tele FAX : 0471-2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in


നം. ഇ18-5077/2019/സിഇ/തസ്വഭവ — തീയതി 30/08/2021

# പരിപത്രം

വിഷയം : തസ്വഭവ (LID&EW) - പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിരമിച്ച നോൺഗസറ്റഡ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം - സംബന്ധിച്ച്

സൂചന :
1) ജി.ഒ(പി)നം. 30/2021/ധന തീയതി 12.02.2021
2) ജി.ഒ(പി)നം. 35/2021/ധന തീയതി 23.02.2021
3) സർക്കാർ സർക്കുലർ നം. 27/2021/ധന തീയതി 19.03.2021

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സൂചന (1), (2) ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവുകൾ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (3) സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിൽ, 30.06.2019-ന് ശേഷം വിരമിച്ച ഗസറ്റഡ് ജീവനക്കാരുടെ വിഷയത്തിൽ, ടിയാളുകളുടെ പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ, അക്കൗണ്ടന്റ് ജനറൽ പെൻഷൻ പുനർ നിർണ്ണയിച്ച് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 30.06.2019-ന് ശേഷം വിരമിച്ച നോൺ ഗസറ്റഡ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം PRISM Software-ൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

1) 30.06.2019-ന് ശേഷം വിരമിച്ച നോൺ ഗസറ്റഡ് ജീവനക്കാരുടെ, ശമ്പളം സ്പാർക്ക് മുഖേന പരിഷ്കരിച്ചതിന് ശേഷം സേവനപുസ്തകത്തിലെ രേഖപ്പെടുത്തലുകളുടെയും, ശമ്പളപരിഷ്കരണത്തിന്റെയും അടിസ്ഥാനത്തിൽ ഇതോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി ജില്ലാ ഡിവിഷനുകൾക്ക് കീഴിലുള്ള അതത് ഓഫീസ് മേലധികാരി / നിയന്ത്രണാധികാരി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ, (Head of Office / Receiveing Authority) Departmental User-മാർ PRISM ലോഗിൻ ചെയ്ത ശേഷം ബന്ധപ്പെട്ട പെൻഷണറുടെ PPO (Pension Payment Order) നമ്പർ & ജനന തീയതി നൽകിയ ശേഷം കാര്യാലയത്തിൽ സമർപ്പിക്കപ്പെട്ട മേൽ പ്രൊഫോർമ പ്രകാരം വിവരങ്ങൾ രേഖപ്പെടുത്തുകയും പ്രൊഫോർമ upload ചെയ്യേണ്ടതുമാണ്. തുടർന്ന് ആയത് ഓൺലൈൻ

മുഖാന്തിരം Head of Office / Receiveing Authority-യ്ക്ക് സമർപ്പിക്കേണ്ടതും, ആയത് പെൻഷൻ അനുവദിക്കുന്ന അധികാരിയ്ക്ക് (PSA) സമർപ്പിക്കേണ്ടതുമാണ്. തുടർന്ന് PSA ആയത് അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

2) തസ്വഭവ ഉത്തര / ദക്ഷിണ മേഖലയ്ക്ക് കീഴിലുള്ള മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിലെ 30.06.2019-ന് ശേഷം വിരമിച്ച നോൺ ഗസറ്റഡ് ജീവനക്കാരുടെ കാര്യത്തിലും, ടിയാൻമാരുടെ ശമ്പളം, ബന്ധപ്പെട്ട നിയന്ത്രണാധികാരി സ്പാർക്ക് മുഖേന പരിഷ്കരിച്ചതിന് ശേഷം സേവനപുസ്തകത്തിലെ രേഖപ്പെടുത്തലുകളുടെയും ശമ്പളപരിഷ്കരണത്തിന്റെയും അടിസ്ഥാനത്തിൽ ഇതോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി; ബന്ധപ്പെട്ട ഉത്തര / ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. തുടർന്ന് ടി കാര്യാലയത്തിലെ Departmental User-മാർ PRISM ലോഗിൻ ചെയ്ത ശേഷം ബന്ധപ്പെട്ട പെൻഷണറുടെ PPO (Pension Payment Order) നമ്പർ & ജനന തീയതി നൽകിയ ശേഷം കാര്യാലയത്തിൽ സമർപ്പിക്കപ്പെട്ട മേൽ പ്രൊഫോർമ പ്രകാരം വിവരങ്ങൾ രേഖപ്പെടുത്തുകയും പ്രൊഫോർമ upload ചെയ്യേണ്ടതുമാണ്. തുടർന്ന് ആയത് Head of Office / Receiveing Authority-യ്ക്ക് സമർപ്പിക്കേണ്ടതും, ആയത് പെൻഷൻ അനുവദിക്കുന്ന അധികാരിയ്ക്ക് (PSA) സമർപ്പിക്കേണ്ടതുമാണ്. തുടർന്ന് PSA ആയത് അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

3) കൂടാതെ PIU, KSRRDA എന്നിവിടങ്ങളിൽ നിന്ന് 30.06.2019-ന് ശേഷം വിരമിച്ചിട്ടുള്ള ഈ വകുപ്പിലെ നോൺ ഗസറ്റഡ് ജീവനക്കാരുടെ കാര്യത്തിലും, ടിയാൻമാരുടെ ശമ്പളം, ബന്ധപ്പെട്ട നിയന്ത്രണാധികാരി സ്പാർക്ക് മുഖേന പരിഷ്കരിച്ചതിന് ശേഷം സേവനപുസ്തകത്തിലെ രേഖപ്പെടുത്തലുകളുടെയും ശമ്പളപരിഷ്കരണത്തിന്റെയും അടിസ്ഥാനത്തിൽ ഇതോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ഉള്ളടക്കം : 1) പ്രൊഫോർമ
2) [illegible]

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

വകർപ്പ് :

1) എല്ലാ നിയന്ത്രണാധികാരികൾക്കും
2) കരുതൽ / സ്റ്റോക്ക് ഫയൽ

P 780

**Proforma to be uploaded with revision proposal as per Circular No.27/2021/Fin dated 19.03.2021**

1. Name of Pensioner :
2. Permanent Employee Number :
3. Designation :
4. Department :
5. Penstion Sanctioning Authority :
6. PPO Number :
7. AG's reference ID :
8. Qualifying Service :
9. Date of Birth :
10. Date of Superannuation :
11. Date of Retirement :
12. Details of Revision as on 01.07.2014 :

13. Pay regulation from 01.07.2014 to 01.07.2019

| **Sl. No.** | **Date** | **Nature of Event** | **Change in Basic Pay** | **Scale of Pay** |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

14. Details of Revision as on 01.07.2019 :

15. Pay regulation from 01.07.2019 till Retirement

| **Sl. No.** | **Date** | **Nature of Event** | **Change in Basic Pay** | **Change in Scale of Pay** |
|---|---|---|---|---|
| | | | | |
| | | | | |

16. Details of Disciplinary/Vigilance/Judicial Proceedings pending/finalised :

17. Details of Non qualifying service not reckonable for pension during the period

| Sl. No. | Period | Reason for disqualification |
|---|---|---|
| | | |

18. **Details of 11th Pension Revision as per G.O(P)No.30/2021/Fin dated 12.02.2021**

Emoluments for last 10 months :

Average Emoluments :

Last Pay :

Revised Basic Pension :

Revised Family Pension Higher Rate :

Revised Family Pension Normal Rate :

Revised Commuted Value of Pension :

Revised Reduced Pension :

Revised DCRG :

I hereby certify that the details given above have been verified by me and the Revision and regulation of Pay shown above, as per the fixation statement is found correct according to the rules and is recorded in Page No........, Vol. No....... of Service Book.

Signature
Name
PEN No.
Official Address of

Head of Office/Receiving Authority    Pension Sanctioning Authority

Date :
Place:    (Office seal)